## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.367

27/09/2016 ൽ
മറുപടിയ്ക്ക്

### ഖാദി ഗ്രാമങ്ങൾ

ചോദ്യം
ശ്രീ.അടൂർ പ്രകാശ്
ശ്രീ.പി.ടി.തോമസ്
ശ്രീ.അനിൽ അക്കര
ശ്രീ.എം.വിൻസെന്റ്

ഉത്തരം
ഇ.പി.ജയരാജൻ
(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഖാദി ഉല്പാദനം വർദ്ധിപ്പിക്കാനും ഏകദേശം 2000 പേർക്ക് തൊഴിൽ ലഭ്യമാക്കാനും ഉദ്ദേശിച്ചുകൊണ്ട് സ്ത്രീകൾ, എൻഡോസൾഫാൻ ദുരിത ബാധിതർ, ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർ തുടങ്ങിയ ദുർബല വിഭാഗങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് തിരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ ചർക്കകളും, തറികളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നു. ഓരോ ജില്ലയിൽ നിന്നും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും, വൈദഗ്ദ്ധ്യ വികസന പരിശീലനം നൽകി 1000 ചർക്കകൾ, 1000 തറികൾ, അസംസ്കൃത വസ്തുക്കൾ എന്നിവ കുടുംബങ്ങളിൽ ലഭ്യമാക്കുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു. ജില്ലാ ഓഫീസുകൾ സേവന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതാണ്. ഇതു സംബന്ധിച്ച വിശദമായ നിർദ്ദേശം തയ്യാറാക്കി വരുന്നതേയുള്ളൂ. |

| | | | |
|---|---|---|---|
| (ബി) | ഏതൊക്കെ ജില്ലകളിൽ ഏതെല്ലാം ഗ്രാമങ്ങളിലാണ് ഇവ സ്ഥാപിക്കുന്നത്; | (ബി) | കേരളത്തിലെ എല്ലാ ജില്ലകളിലുമായി ഓരോ ജില്ലയിലും രണ്ടു വീതം തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തു കളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. |
| (സി) | ഇതുവഴി എത്ര തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) | മൊത്തം 2000 (രണ്ടായിരം) തൊഴിലവസരങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്. |
| (ഡി) | ഗ്രാമങ്ങൾ വഴി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്കുള്ള വിപണി എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കാമോ? | (ഡി) | ബോർഡിന് സ്വന്തമായി വിപുലമായ വിപണന ശൃംഖലയുണ്ട്. കേരളത്തിൽ ഖാദി വസ്തുങ്ങളുടെ ആവശ്യം അനുദിനം വർദ്ധിച്ചു വരുന്നതിനാൽ ഖാദി ഗ്രാമങ്ങൾ വഴി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്കുള്ള വിപണി ഒരു പ്രശ്നമായി അവശേഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ